നിർവ്വാഹമുള്ളൂ. 10-2-2001-ന് അമരമ്പലം വില്ലേജിൽ കവളമുക്കട്ട, വേങ്ങപ്പൊത, തേൾപ്പാറ എന്നിവിടങ്ങളിൽ നേരിയതോതിൽ ഭൂചലനമുണ്ടാവുകയും അതിന്റെ ഫലമായി 9 വീടുകൾക്കും തേൾപ്പാറ എൻ.എ.എ.എം., എൽ.പി. സ്കൂൾ കെട്ടിടത്തിനും സ്റ്റാഫ് ക്വാർട്ടേഴ്സിനും ഭാഗീകമായി വിള്ളൽ സംഭവിക്കുകയും ചെയ്തതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഈ സ്ഥലങ്ങളൊക്കെ കളക്ടർ തന്നെ നേരിട്ട് സന്ദർശിച്ചിട്ടുണ്ട്. കാളികാവ് ഗവൺമെന്റ് യു.പി. സ്കൂളിലെ ഇരുനില കെട്ടിടത്തിന്റെ മുകളിലത്തെ നിലയിൽ വിള്ളലുകൾ കണ്ടതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. വിള്ളലുകൾ കാണപ്പെട്ട ക്ലാസ് മുറികളിൽ പഠനം നടത്തരുതെന്ന് അറിയിക്കുകയും അതൊഴിവാക്കുകയും ചെയ്തിട്ടുണ്ട്. ജില്ലയുടെ മിക്ക സ്ഥലങ്ങളിലും കിണറുകളിൽ തിരയിളക്കം കാണുന്നതിനാലും വീടുകൾക്കും മറ്റു സ്ഥാപനങ്ങൾക്കും വിള്ളലുകൾ കാണുന്നതിനാലും ഇക്കാര്യങ്ങളിൽ വിദഗ്ദ്ധ പഠനം നടത്തുന്നതിനായി സെസ്സ് വിദഗ്ദ്ധന്മാരുടെ സേവനം നമ്മൾ ഉപയോഗപ്പെടുത്തിക്കൊണ്ടിരിക്കുകയാണ്. മറ്റെല്ലാ ജില്ലകളിലും ഇത്തരമൊരു പ്രവണത നിലനിൽക്കുന്നുവെന്നുള്ളതുകൊണ്ട് ഇന്ത്യാഗവൺമെന്റിന്റേയും നമ്മുടേയും ശാസ്ത്രജ്ഞന്മാരെ ഉപയോഗപ്പെടുത്തി സൂക്ഷ്മമായ പഠനങ്ങളും പരിശോധനകളും നടത്തുന്നതിന് തീരുമാനമെടുത്ത്, അത് നടന്നുകൊണ്ടിരിക്കുകയാണ്. ഇങ്ങനെ നാശനഷ്ടങ്ങളുണ്ടാകുകയും വീടുകൾക്കോ പൊതു സ്ഥാപനങ്ങൾക്കോ കേടുപാടുകൾ പറ്റുകയും ചെയ്തതിന്റെ വിശദമായ കണക്ക് അടിയന്തിരമായി അതതു ജില്ലകളിൽനിന്നും ആവശ്യപ്പെട്ടിട്ടുണ്ട്. ആ കണക്ക് കിട്ടുന്ന മുറയ്ക്ക് ഗവൺമെന്റിനാൽ കഴിയുന്ന സാമ്പത്തിക സഹായം കാലവിളംബമില്ലാതെ നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ട്. അത് ഉടനെതന്നെ നൽകുകയും ചെയ്യും.

(8) വയനാട് ജില്ലയിലെ പേര്യ-ഇരുമനത്തൂർ ദേശത്തുള്ള ആദിവാസികളെ കുടിയിറക്കുന്നത് സംബന്ധിച്ച്

<u>ശ്രീമതി രാധാരാഘവൻ</u>: സർ, ആദിവാസികളെ എന്നും അവജ്ഞയോടെയാണ് ഈ സർക്കാർ നോക്കിക്കാണുന്നത്. അവരുടെ ആവശ്യങ്ങളിന്മേൽ വളരെ തണുത്ത പ്രതികരണമാണുണ്ടാകുന്നത്. ഇതിൽ ഒടുവിലത്തെ ഉദാഹരണമാണ് പേര്യയിലെ ഇരുമനത്തൂരിൽ നടന്നത്. പേര്യയിലെ ഇരുമനത്തൂരിൽ സർവ്വേ നമ്പർ 77/1 എ മുതൽ 80/1 എ വരെയുള്ള റവന്യൂ ഭൂമിയിൽ താമസക്കാരായ 68 ആദിവാസികുടുംബങ്ങളുണ്ട്. ഇവർ വനംവകുപ്പ് ഉദ്യോഗസ്ഥന്മാരുടെ ഭീഷണിയിലും അതിക്രമത്തിലും ഭയന്ന് കഴിയുകയാണ്. 2001 ജനുവരിമാസം 26-ാം തീയതി വനം വകുപ്പ് ഉദ്യോഗസ്ഥന്മാർ പാവപ്പെട്ട ആദിവാസികളുടെ കുടിലുകൾ ഒന്നൊന്നായി തീവച്ചു നശിപ്പിച്ചു. അവരുടെ കൃഷികൾ കണ്ണൂർ മോഡലിൽ അരിഞ്ഞു വീഴ്ത്തി. ഇന്ന് ഈ പാവങ്ങൾ ഭയന്ന് കഴിയുകയാണ്. വനം മേഖലയിൽ ആദിവാസികൾക്ക് രക്ഷയില്ലെന്ന് വന്നാലോ? ആദിവാസികളും വനവും തമ്മിലുള്ള ബന്ധം അറിയാത്ത വനപാലകരാണ് ഇവിടെയുള്ളത്. വനത്തിലുള്ള നശീകരണമാണ് ഇതിനു കാരണമെങ്കിൽ സർക്കാർ അത് അന്വേഷിക്കണം. ഇല്ലെങ്കിൽ ഇതിന് പരിഹാരമുണ്ടാക്കണം. ഈ

LIBRARY ARCHIVES Kerala Legislative Assembly

ആദിവാസികൾക്ക് നഷ്ടപരിഹാരം നൽകിയേ തീരൂ. അവരുടെ കൃഷികൾ നശിപ്പിച്ചവർക്കെതിരെ, അവരുടെ കുടിലുകൾ നശിപ്പിച്ചവർക്കെതിരെ നടപടി കൈക്കൊള്ളണം. സ്വൈരതയോടുകൂടിയും സ്വസ്ഥതയോടുകൂടിയും അവർ കഴിയുന്നതിനുള്ള അന്തരീക്ഷമുണ്ടാക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ. ഇ. ഇസ്മയിൽ) : സർ, വയനാട് ജില്ലയിൽ പേര്യ ഇരുമനത്തൂർദേശം, 77/1എ, 80/1 എ എന്നീ സർവ്വേ നമ്പരുകളിൽപ്പെട്ട 65 ഹെക്ടർ ഭൂമി പതിച്ചുനൽകാനായി വനംവകുപ്പ് വിട്ടുതന്നിരിക്കുന്നതാണ്. ആ വിട്ടുതന്ന സ്ഥലം ഇപ്പോഴും ഇടതൂർന്ന വനമാണ്. അതിൽനിന്നും ഓരോ ഹെക്ടർവീതം 25 ആദിവാസികൾക്ക് പട്ടയം പതിച്ച് നൽകിയിട്ടുണ്ട്. വയനാടിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുമുള്ളവർക്കാണ് ഇത് നൽകിയത്. മറ്റു പ്രദേശങ്ങളിൽനിന്നുമുള്ള കുറച്ചുപേരും ഇതിലുണ്ട്. പതിച്ചുകിട്ടിയവരിൽ ചിലർ ഭൂമി കൈവശം വച്ചിട്ടില്ല. ഇത്തരത്തിലുള്ള ഭൂമിയിലും ബാക്കി പതിച്ചു നൽകാനുള്ള ഭൂമിയിലുമായി ഏകദേശം 52 കയ്യേറ്റക്കാർ ഇപ്പോൾ നിലവിലുണ്ട്. ഈ ഭൂമിയെ സംബന്ധിച്ച് വ്യക്തമായ സ്കെച്ച് ഫോറസ്റ്റുകാരിൽ നിന്നും ലഭിച്ചിട്ടില്ല. ഈ ഭൂമിക്ക് തൊട്ടുകിടക്കുന്ന റിസർവ്വ് വനത്തിലും കയ്യേറ്റം വ്യാപിപ്പിച്ചിട്ടുണ്ട് എന്നാണ് പറയുന്നത്. അതുകൊണ്ടാണ് വനംവകുപ്പ് കുടിയൊഴിപ്പിക്കാൻ നടപടി സ്വീകരിച്ചിട്ടുള്ളത്. പ്രസ്തുത കയ്യേറ്റക്കാർ ഭൂമി പതിച്ചുകിട്ടാൻ അർഹരാണോയെന്ന് പരിശോധിക്കുന്നുണ്ട്. പരിശോധിച്ച് അർഹരാണെങ്കിൽ ഭൂമി പതിച്ചു നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കും. വനം വകുപ്പുകാർ അകാരണമായി ആദിവാസികളെ പീഡിപ്പിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ ആര് എന്നൊക്കെ പരിശോധിച്ച് കർശനമായ നടപടിയെടുക്കണമെന്ന് ഞങ്ങൾ വനം വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

(9) പറമ്പിക്കുളം-അളിയാർ പദ്ധതിയിൽനിന്ന് കൂടുതൽ ജലം ലഭ്യമാക്കണമെന്ന ആവശ്യം

ശ്രീ. സി. കെ. രാജേന്ദ്രൻ : സർ, പാലക്കാട് ജില്ലയിൽ പൊതുവിലും, പാലക്കാട്, ചിറ്റൂർ താലൂക്കുകളിൽ പ്രത്യേകിച്ചും പറമ്പിക്കുളം-അളിയാർ കരാറനുസരിച്ച് ലഭിക്കേണ്ട വെള്ളം കുറെ വർഷങ്ങളായി ലഭിക്കുന്നില്ല. തമിഴ്നാട് സർക്കാരാണെങ്കിൽ മഴവെള്ളവും ഓവർഫ്ളോയായി വരുന്ന വെള്ളവുംകൂടി കണക്കാക്കി കരാറനുസരിച്ചുള്ള വെള്ളം നമുക്ക് ലഭിക്കുന്നു എന്ന നിലപാടാണ് സ്വീകരിച്ചിരിക്കുന്നത്. കാരാറനുസരിച്ച് തരുന്ന വെള്ളത്തിൽനിന്നുതന്നെ 20 മുതൽ 40 വരെ കുതിരശക്തിയുള്ള പമ്പുപയോഗിച്ച് തമിഴ്നാട് കർഷകർ വെള്ളം പമ്പുചെയ്തുകൊണ്ട് പോകുകയും ചെയ്യുന്നു. കരാറനുസരിച്ച് വെള്ളം തരാതിരിക്കുന്ന ഈ സാഹചര്യത്തിൽ, നമ്മുടെ സംസ്ഥാനത്തിന് വെള്ളം കൊണ്ടുവരുന്ന പ്രദേശത്ത് രണ്ട് ജനറേറ്റിംഗ് സ്റ്റേഷനുകളുടെ നിർമ്മാണം നടന്നുവരികയാണ്. ഇതിനിടയിലാണ് തമിഴ്നാട് ഗവൺമെന്റ് നമുക്കുതരുന്ന വെള്ളം നിർത്തിവച്ചത്. ഇതിന്റെ ഫലമായി ഏതാണ്ട് 20,000-ത്തോളം ഏക്കർ ഭൂമിയിലെ നെൽകൃഷി ഇപ്പോൾ ഉണക്കു

LIBRARY ARCHIVES Kerala Legislative Assembly